(ഡി) വളരെയധികം തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ യുവതീയുവാക്കൾ തിങ്ങിപ്പാർക്കുന്ന വർക്കലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കാൻ അനുവാദം നൽകുമോ;

(ഇ) വിവിധ കാരണങ്ങളാൽ തക്ക സമയത്ത് രജിസ്ട്രേഷൻ പുതുക്കുവാൻ സാധിക്കാത്തവർക്ക് ഒരു നിശ്ചിത കാലയളവിനകം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അനുവാദം നൽകുമോ?

ഉത്തരം

(എ) 77

(ബി) പരിഗണനയിലില്ല.

(സി) ഉണ്ട്.

(ഡി)&(ഇ) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡം

(1466) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദുരിതാശ്വാസനിധിയിൽ നിന്നും ഇതേവരെ എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ട്;

(സി) സൂര്യനെല്ലി കേസിൽ ഉൾപ്പെട്ട പെൺകുട്ടിക്ക് എത്ര രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്;

(ഡി) അതിനുശേഷമുണ്ടായ അനന്തരസംഭവങ്ങളിൽ പീഡിപ്പിക്കപ്പെട്ട ആർക്കെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ;

(ഇ) തൃശൂർ ജില്ലയിലെ കൊല്ലപ്പെട്ട മദ്യവിരുദ്ധ പ്രവർത്തകന്റെ കുടുംബത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക;

(എഫ്) ഹരിപ്പാടുണ്ടായ സംഭവത്തിൽ മരണമടഞ്ഞ സതീഷ് കുമാറിന്റെ കുടുംബത്തിന് ധനസഹായം നൽകിയിട്ടുണ്ടോ;

(ജി) പാർട്ടിപ്രവർത്തകർ തമ്മിൽ സംഘട്ടനം നടന്ന ബേപ്പൂർ, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിൽ നാശനഷ്ടങ്ങൾ സംഭവിച്ച പാർട്ടിപ്രവർത്ത

കർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ഇനത്തിൽ മൊത്തം എത്ര രൂപ നൽകി;

(എച്ച്) സി.പി.എം. പ്രവർത്തകർ അങ്കമാലിയിൽ ആശുപത്രി കൈയ്യേറി നാശനഷ്ടം വരുത്തിയതിന് എന്തു തുകയാണ് ധനസഹായം അനുവദിച്ചത്;

(ഐ) എറണാകുളത്ത് തീപിടിത്തത്തിൽ നാശനഷ്ടം നേരിട്ടവർക്ക് നഷ്ടപരിഹാരമായി ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു തുക നൽകി;

(ജെ) കാർഗിൽ യുദ്ധത്തിൽ മരണമടഞ്ഞ ജവാന്മാരുടെ കുടുംബത്തിന് എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) വാർഷികവരുമാനം 20,000/- രൂപയിൽ താഴെയുള്ളവരും രോഗംകൊണ്ടും ദാരിദ്യം കൊണ്ടും ദുരിതമനുഭവിക്കുന്നവരുമായവർക്ക് സാധാരണരോഗത്തിന് 2,000/- രൂപ വരെയും, ക്യാൻസർ ഡയാലിസിസ് ആവശ്യമായ വൃക്കരോഗങ്ങൾ, ഹൃദയസംബന്ധമായ രോഗങ്ങൾ എന്നിവയ്ക്ക് 5,000/- രൂപ വരെയും അപകടമരണത്തിനിരയാകുന്ന മുതിർന്നവരുടെ ആശ്രിതർക്ക് 10,000/- രൂപ വരെയും കുട്ടികളുടെ രക്ഷിതാക്കൾക്ക് 4,000/- രൂപ വരെയും അനുവദിക്കാറുണ്ട്. കൂടാതെ വളർത്തുമൃഗങ്ങളുടെ മരണത്തിന് 2,000/- രൂപയും, തീപിടിത്തം മൂലം വീണ്ടും ഗൃഹോപകരണങ്ങളും നഷ്ടപ്പെട്ടതിന് 2,000/- രൂപ വരെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നു. മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ചും ഈ ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കാവുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 8,21,38,435/- രൂപ വിവിധ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്

(സി) സൂര്യനെല്ലികേസിൽ ഉൾപ്പെട്ട പെൺകുട്ടിയുടെ പിതാവ് ശ്രീ. മാണി മാർക്കോസിന് 50,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉണ്ട്. തൃശൂർ ജില്ലയിൽ 17.5.97 ന് വ്യാജമദ്യലോബികളുടെ വെടിയേറ്റ് മരണപ്പെട്ട രാജന്റെ ഭാര്യ ശ്രീമതി ലിസിക്ക് ഒരു ലക്ഷം രൂപയും, അവരുടെ രണ്ട് കുട്ടികൾക്ക് 50,000/- രൂപ വീതവും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) 12.4.99 ന് കോഴിക്കോട്, ബേപ്പൂർ പഞ്ചായത്തിലുണ്ടായ സംഘട്ടനത്തിൽ നാശനഷ്ടം സംഭവിച്ച 17 പേർക്ക് 6,07,600/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ കണ്ണൂരിലുണ്ടായ അക്രമസംഭവങ്ങളിൽ നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. യഥാർത്ഥ നഷ്ടം കണക്കാക്കുന്നതിനു വേണ്ടി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

(എച്ച്) 1.72 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) എറണാകുളത്ത് തീപിടിത്തത്തിൽ നാശനഷ്ടം നേരിട്ടവർക്ക് നഷ്ടപരിഹാരം ഒന്നും ഇതുവരെ നൽകിയിട്ടില്ല. ഈ കാര്യം പരിശോധിച്ചു വരുന്നു.

(ജെ) മുഖ്യമന്ത്രിയുടെ സൈനിക വെൽഫെയർ ഫണ്ടിൽ നിന്നും 104 ലക്ഷം രൂപ കാർഗിൽ യുദ്ധത്തിൽ മരണമടഞ്ഞ ജവാന്മാരുടെ കുടുംബത്തിന് ധനസഹായമായി നൽകിയിട്ടുണ്ട്.

ഐഡന്റിറ്റി കാർഡുകളുടെ വിതരണം

(1467) ശ്രീ. വി. ബാലറാം :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഐഡന്റിറ്റി കാർഡ് ഉള്ളവർക്ക് മാത്രമേ വോട്ടവകാശം വിനിയോഗിക്കാൻ കഴിയുകയുള്ളൂ എന്ന് ഇലക്ഷൻ കമ്മിഷൻ അറിയിച്ചിട്ടുണ്ടോ;

(ബി) ഇനി ഏതെല്ലാം നിയോജകമണ്ഡലങ്ങളിൽ ഐഡന്റിറ്റി കാർഡുകൾ നൽകാനുണ്ട്?

ഉത്തരം

(എ) അടുത്ത വർഷം നടക്കാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിനു മുൻപ് ഐഡന്റിറ്റി കാർഡു വിതരണം പൂർത്തിയാക്കാൻ ശ്രമിക്കണം എന്നാണ് കമ്മിഷൻ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി ഇതു വരെ 69.5 ശതമാനം വോട്ടർമാർക്ക് ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തുകഴിഞ്ഞു.

പഞ്ചിംഗ് സമ്പ്രദായം

(1468) ശ്രീമതി കെ. കെ. ശൈലജടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം എന്നുമുതൽ ആരംഭിക്കുമെന്ന് അറിയിക്കുമോ;

(ബി) എല്ലാ സർക്കാർ ഓഫീസുകളിലും പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഇത് ഫലപ്രദമാകുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് ഘട്ടങ്ങളായി ആരംഭിക്കുന്നതാണ്. സെക്രട്ടേറിയറ്റിലെ അനക്സ് കെട്ടിടത്തിൽ 01.03.2000 മുതൽ പഞ്ചിംഗ് ആരംഭിച്ചു കഴിഞ്ഞു. ഡി.പി.ഐ., ഡി.എച്ച്.എസ്. ഓഫീസുകൾ, തൃശൂർ കണ്ണൂർ, കൊല്ലം എന്നീ സിവിൽ സ്റ്റേഷനുകൾ, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly